## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4221 25.06.2014 ൽ മറുപടിയ്ക്ക്

### പട്ടികജാതി വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റലുകളുടെ ശോച്യാവസ്ഥ

ചോദ്യം

ശ്രീ. കെ. രാധാകൃഷ്ണൻ

ഉത്തരം

ശ്രീ. എ.പി. അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പട്ടികജാതി വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റലുകളുടെ ശോച്യാവസ്ഥയെക്കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ), (ബി) & (സി) | ഇല്ല. ഹോസ്റ്റലുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് അവയ്ക്ക് പരിഹാരം കാണുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | വൃത്തിഹീനവും അനാരോഗ്യപരവുമായ സാഹചര്യങ്ങളിലാണ് ഈ ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുവെന്നത് അറിയുമോ; | | |
| (സി) | ഇപ്രകാരം ഹോസ്റ്റലുകൾ നടത്തുവാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കാമോ ; | | |
| (ഡി) | പട്ടികജാതി വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാനും ശുചിയായി സൂക്ഷിക്കുവാനും ആവശ്യമായ തുക വർഷം തോറും അനുവദിക്കാത്തതുകൊണ്ടാണോ അതോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ കാര്യക്ഷമത ഇല്ലായ്മകാരണത്താൽ അനുവദിച്ച തുക ചെലവഴിക്കാത്തതുകൊണ്ടാണോ ഈ സ്ഥിതിയുണ്ടാകുന്നതെന്ന് പറയാമോ; | (ഡി) & (ഇ) | ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ തുക അതത് വർഷങ്ങളിലെ ബഡ്ജറ്റിൽ വകയിരുത്തുകയും കാര്യക്ഷമമായ പ്രവർത്തനത്തിന് ആയത് ചെലവഴിക്കുകയും ചെയ്യുന്നുണ്ട്. |
| (ഇ) | ഇക്കാര്യം ഗൗരവമായി പരിഗണിച്ച്, പരിഹരിക്കുവാൻ തയ്യാറാകുമോ? | | |

Sali K.J

സെക്ഷൻ ഓഫീസർ